LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2005 ഫെബ്രുവരി 2, ബുധൻ

വാല്യം CXXIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2005 ഫെബ്രുവരി മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 60

വൈദ്യുത ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം

*1 [60] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
" കോടിയേരി ബാലകൃഷ്ണൻ:
" എം. വി. ഗോവിന്ദൻ മാസ്റ്റർ:
" രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡ് ഏർപ്പെടുത്തിയ കമ്പ്യൂട്ടർവൽക്കരണത്തിൽ കടന്നുകൂടിയിട്ടുള്ള അപാകതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൈക്രോസോഫ്റ്റിനെയും പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിനെയും പുതിയ സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് ചുമതല ഏൽപ്പിച്ച സാഹചര്യം വെളിപ്പെടുത്തുമോ;

(സി) മൈക്രോസോഫ്റ്റും, പ്രൈസ് വാട്ടർ ഹൗസ് കൂപ്പറും വികസിപ്പിച്ച് ഇപ്പോൾ വിവിധ സെക്ഷനുകളിൽ ഉപയോഗത്തിലിരിക്കുന്ന സോഫ്റ്റ്വെയറിന്റെ അപാകതകൾ പ്രസ്തുത കമ്പനികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ ബോർഡ് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സോഫ്റ്റ്വെയറിന്റെ അപാകതകൾ പരിഹരിച്ച് ഉപഭോക്താക്കളുടെ പ്രയാസങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചപ്പോൾ സ്വാഭാവികമായി ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) ഇലക്ട്രിസിറ്റി ബോർഡിന്റെ വിവിധ സെക്ഷനുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിന് ആവശ്യമായ റിലേഷണൽ ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റവും (RDBMS) ഓപ്പറേറ്റിംഗ് സിസ്റ്റവും (OS) ചട്ടങ്ങൾ അനുശാസിക്കുന്ന ടെൻഡർ നടപടികൾ പാലിച്ചുകൊണ്ടും സർക്കാരിന്റെ ഐ.ടി. മിഷൻ നൽകിയ വിദഗ്ദ്ധോപദേശം പരിഗണിച്ചും മൈക്രോസോഫ്റ്റ് എന്ന കമ്പനിയിൽ നിന്ന് കെ. എസ്.ഇ.ബി. വാങ്ങി. മേൽ സൂചിപ്പിച്ച ടെൻഡറിലെ ഒരു നിബന്ധന ബോർഡിലെ ബില്ലിംഗ് ആന്റ് റവന്യൂ കളക്ഷന് വേണ്ട സോഫ്റ്റ്വെയർ വികസിപ്പിച്ചെടുക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം കൂടി നൽകണമെന്നതായിരുന്നു. ഈ സാങ്കേതിക സഹായം മൈക്രോസോഫ്റ്റ് കമ്പനി ബോർഡിന് ലഭ്യമാക്കിയത് അവർ നിയോഗിച്ച പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ എന്ന കൺസൾട്ടന്റ് കമ്പനി മുഖേനയായിരുന്നു. പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിന്റെ സാങ്കേതിക സഹായത്തോടെ ബോർഡിലെ കമ്പ്യൂട്ടർ വൈദഗ്ദ്ധ്യമുള്ള ജീവനക്കാർ സംയുക്തമായി വികസിപ്പിച്ചെടുത്തതാണ് ഇപ്പോൾ ബില്ലിംഗ് ആന്റ് റവന്യൂ കളക്ഷനുവേണ്ടി ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ. ഇപ്രകാരം വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ സെക്ഷനുകളിൽ ഉപയോഗത്തിൽ കൊണ്ടുവന്നപ്പോൾ അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ മേൽ സൂചിപ്പിച്ച കമ്പനികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവരുടെ സാങ്കേതിക സഹകരണത്തോടെ ടി ബുദ്ധിമുട്ടുകൾ ബോർഡിലെ കമ്പ്യൂട്ടർ വിഭാഗം പരിഹരിച്ചു വരികയുമാണ്.

(ഡി) ഉപഭോക്താക്കൾക്ക് ഇതുമൂലം ബുദ്ധിമുട്ടുകൾ ഉണ്ടായതായി പരാതിയൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, കെ.എസ്.ഇ.ബി.-യുടെ സ്പോട്ട് ബില്ലിംഗ് കമ്പ്യൂട്ടറൈസേഷൻ ഇപ്പോൾ കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള ഐ.ടി. വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥൻമാർ തന്നെ അവരുടെ മനുഷ്യശേഷിയും വിഭവങ്ങളും ഉപയോഗപ്പെടുത്തി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കി. ആ പൈലറ്റ് പ്രോജക്ടിന്റെ മേന്മയെക്കുറിച്ച് കെ.എസ്.ഇ.ബി.-യുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. 80,000-ൽ അധികം വരുന്ന ഐ.ഡി.എസ്. ബില്ലിംഗ് എന്ന ഈ സോഫ്റ്റ്വെയർ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുന്നതിന് 4,000-ൽ അധികം മനുഷ്യ ദിവസങ്ങൾ ഉപയോഗിക്കേണ്ടിവന്നുവെന്നും ഒരു ബാഹ്യ ഏജൻസിയെ ഇത് ഏൽപ്പിച്ചിരുന്നുവെങ്കിൽ ദശലക്ഷക്കണക്കിന് ചെലവ് വരുമായിരുന്നുവെന്നും അതുകൊണ്ട് എഞ്ചിനീയർമാർ തന്നെ ഉണ്ടാക്കിയതാണ് കൂടുതൽ ലാഭകരമെന്നും അവർ പറയുന്നുണ്ട്. മാത്രമല്ല ബോർഡ് ജീവനക്കാർ വികസിപ്പിച്ചെടുത്ത ബില്ലിംഗ് സെക്ടർ സോഫ്റ്റ്വെയർ ബോർഡിന്റെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമാണെന്നു വിലയിരുത്തിയിട്ടുമുണ്ട്. ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തതിനാൽ ബോർഡിന്റെ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമാണ് ഈ സോഫ്റ്റ്വെയർ എന്ന് ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഭാവിയിൽ വന്നേയ്ക്കാവുന്ന പരിഷ്ക്കാരങ്ങൾക്ക് മറ്റ് ആരെയും ആശ്രയിക്കാതെ നിർവ്വഹിക്കാൻ ഇതുമൂലം കഴിയുമെന്നും ഇതിൽ പറഞ്ഞിട്ടുണ്ട്. സർവ്വീസ് ചാർജ്, പരിശീലന ചാർജ്, അപ്ഗ്രഡേഷൻ എന്നിവയിൽ ഉണ്ടാകുന്ന ഭീമമായ ചാർജുകളും ഒഴിവാക്കാമെന്നു പറഞ്ഞിട്ടുണ്ട്. എങ്കിൽ ആ ബോർഡിലെ വിദഗ്ദ്ധന്മാരായ ഐ.ടി. എഞ്ചിനീയർമാർ ഉണ്ടാക്കി സ്ഥാപിച്ച സോഫ്റ്റ്വെയർ മാറ്റി മൈക്രോ സോഫ്റ്റ് ഉൾപ്പെടെയുള്ള പുതിയ സോഫ്റ്റ്വെയർ സിസ്റ്റം കൊണ്ടുവരാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകം എന്താണെന്ന് പറയുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഇത് വാസ്തവത്തിൽ ബോർഡിലെ തന്നെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിദഗ്ദ്ധന്മാരായ ഒരു വിഭാഗം എഞ്ചിനീയർമാർ തന്നെയാണ് ചെയ്തത്. അതിന് പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ കമ്പനിയുടെ ഉപദേശം ഉണ്ടായിരുന്നു, സാങ്കേതിക സഹായം ഉണ്ടായിരുന്നു. ഇത് വികസിപ്പിച്ച് എടുത്തത് അവിടുത്തെ ഉദ്യാഗസ്ഥന്മാർ തന്നെയാണ്, ഇപ്പോഴും അവർ തന്നെയാണ് അത് ചെയ്തുകൊണ്ടിരിക്കുന്നത് എന്നതാണ് സത്യം.

<u>ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:</u> മാധ്യമങ്ങളിൽ വന്ന വാർത്ത അനുസരിച്ച് 170 സെക്ഷനുകളിൽ ഇത് നടപ്പിലാക്കി കഴിഞ്ഞു. 355 സെക്ഷനുകളിൽ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായിട്ടാണ് അറിയുന്നത്. ഈ പുതിയ സോഫ്റ്റ്വെയർ സിസ്റ്റം ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർ സംവിധാനം ചെയ്തപ്പോൾ അതിന് ടെൻഡർ നൽകിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ടെൻഡറിന്റെ വിശദവിവരങ്ങൾ, ഓപ്പൺ ടെൻഡറാണോ, ലിമിറ്റഡ് ടെൻഡർ ആണോ, ക്വട്ടേഷൻ ടെൻഡർ ആണോ, അതിൽ തീയതി എപ്പോൾ ആയിരുന്നു എന്നുള്ള വിശദവിവരങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വെളിപ്പെടുത്തുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ഇതിനെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ ടെൻഡർ തന്നെ ചെയ്യേണ്ട കാര്യമുണ്ടായിരുന്നില്ല. ഇവിടെ ഒരു ഐ.ടി. പോളിസി ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കിയിട്ടുണ്ട്. ആ പോളിസി അനുസരിച്ച് ഇത് ടെൻഡർ ചെയ്യാതെ തന്നെ ചെയ്യാവുന്നതാണ്. ആ പോളിസിയിൽ സെലക്ട് ചെയ്ത ഒരു കമ്പനിയാണ് മൈക്രോ സോഫ്റ്റ്വെയർ. സെലക്ട് ചെയ്ത കമ്പനി എന്നു പറഞ്ഞാൽ ഈ കമ്പനിക്ക് മാത്രം കൊടുക്കാവുന്നതാണ്. ഫെബ്രുവരി 29, 2000-ന്റെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഐ.ടി.

LIBRARY ARCHIVES Kerala Legislative Assembly

പോളിസി ആന്റ് അപ്രോച്ച് അതിൽ, A 15 Data Base Platform--DBMS being used in enterprises vide are the following Micro Soft Access, അവരെയാണ് പറഞ്ഞത്. രണ്ടാമത്തേത്, A16 Office Automation Standard—the following office automation software package have been adopted as standard software used throughout the computer, ഇതിലും പറഞ്ഞത് വേഡ് പ്രോസസിംഗ്, സ്പ്രഡ് ഷീറ്റ്, ഗ്രാഫിക് ആന്റ് പ്രസന്റേഷൻ ടൈം മാനേജുമെന്റ്, പ്രോജക്ട് മാനേജുമെന്റ്, ഇതിനെല്ലാം മൈക്രോ സോഫ്റ്റിനെ ഉപയോഗപ്പെടുത്താമെന്നാണ് പറഞ്ഞത്. അപ്പോൾ മൈക്രോസോഫ്റ്റിനോട് മാത്രം ചോദിക്കാമായിരുന്നു. അത് ചോദിച്ചില്ല എന്നു മാത്രമല്ല ഇന്ത്യയിലെ പ്രധാനപ്പെട്ട മൂന്നു കമ്പനികളുടെ ക്വട്ടേഷൻ ടെൻഡർ വാങ്ങിച്ച് അതിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത കമ്പനിയാണ് മൈക്രോ സോഫ്റ്റ്വെയർ. അതുകൊണ്ടാണ് അത് ചെയ്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്താൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായിട്ടാണ് ബില്ലിംഗ് ആന്റ് റവന്യൂ കളക്ഷൻ മേഖലയിൽ നടപ്പിലാക്കിയത്. ഇപ്പോൾ വന്നിരിക്കുന്ന ഒരു അവസ്ഥ കമ്പ്യൂട്ടർ ഏർപ്പെടുത്തുന്നതോടുകൂടി തെറ്റായി ബില്ല് ചെയ്യുക, തെറ്റായി ഉപയോഗം കാണക്കാക്കുക, അടയ്ക്കുന്ന പണം യഥാ വിധി വരവ് വയ്ക്കാതിരിക്കുക, പല ഉപഭോക്താക്കളും വൈദ്യുതി ചാർജ് മുൻകൂ റായി അടച്ചതായി രേഖപ്പെടുത്തുക, മുൻകൂറായി പണം അടച്ചവർക്ക് ഡിസ്കണ ക്ഷൻ ഭീഷണി, സ്വീകരിച്ച തുകയും കമ്പ്യൂട്ടറിൽ ഇതുസംബന്ധിച്ചുള്ള കണക്കു കളും തമ്മിൽ പൊരുത്തമില്ലാതിരിക്കുക തുടങ്ങി എണ്ണമറ്റ വികൃതികളാണ് ഈ കമ്പ്യൂട്ടർ ഇപ്പോൾ കാട്ടിക്കൂട്ടുന്നത്. ചിലപ്പോൾ സ്ക്രീനിൽ അറിയാതെ ഒന്നു ക്ലിക്ക് ചെയ്താൽ ഈ വിവരങ്ങളൊക്കെ കമ്പ്യൂട്ടറിൽ നിന്നു പോകുന്ന അവസ്ഥയണ്ടെന്നു പത്രവാർത്ത വന്നിട്ടുണ്ട്. ബില്ല് ഉണ്ടാക്കുന്നതിനും മറ്റ് ഇടപാടുകൾ നടത്തുന്നതിനും സങ്കീർണ്ണമായ പ്രവർത്തനങ്ങളും വളരെ കൂടുതൽ സമയവുമാണ് ഇപ്പോൾ വേണ്ടിവരുന്നത്. കൂടുതൽ സുതാര്യമായി കാര്യങ്ങൾ നടപ്പിലാക്കാൻ കൊണ്ടുവന്ന ഈ സംവിധാനവും ഉപഭോക്താക്കൾക്ക് ദ്രോഹമായി മാറുകയും ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കോടിക്കണക്കിന് രൂപ ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് പത്ര വാർത്ത വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം ഇലക്ട്രിസിറ്റി ബോർഡിന് ഉണ്ടായിട്ടുണ്ടെന്നു കണക്കാ ക്കിയിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇലക്ട്രിസിറ്റി ബോർഡിന് ഒരു പൈസയുടെ നഷ്ടവും വന്നിട്ടില്ല. ഈ പറയുന്ന കമ്പ്യൂട്ടറിന് തകരാർ ഉള്ളതായി ഒരു കൺസ്യൂമറും പരാതിപ്പെട്ടിട്ടില്ല. ഈ കമ്പ്യൂട്ടറൈസേഷൻ നടത്തുമ്പോൾ തുടക്കത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. അത് എല്ലാ മേഖലയിലുമുണ്ട്. ഇത് അതാതു സമയത്ത് പരിഹരിച്ചു വരുന്നു എന്നുള്ളതാണ് വസ്തുത.

LIBRARY ARCHIVES Kerala Legislative Assembly

ഈ പറയുന്ന രൂപത്തിലുള്ള ഒരു തകരാറും ഒരു സ്ഥലത്തും ഉള്ളതായി ഒരു പരാതിയും ഇന്നുവരെ ബോർഡിനോ സർക്കാരിനോ ലഭിച്ചിട്ടില്ല. അതിനുപുറമേ 26 കോടി രൂപയുടെ നഷ്ടമെന്നൊക്കെ ദേശാഭിമാനി പത്രത്തിൽ ഞാൻ കണ്ടു. അത് എങ്ങനെ വന്നുവെന്നു അതിൽ പറഞ്ഞിട്ടില്ല. ദേശാഭിമാനിയിൽപോലും പറഞ്ഞിട്ടില്ല ബോർഡിന് 26 കോടി രൂപയുടെ നഷ്ടം എങ്ങനെ വന്നു എന്നുള്ളത്. ഒരു പൈസയുടെ നഷ്ടവും വന്നിട്ടില്ല. നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയുമില്ല. കമ്പ്യൂട്ടറൈസ് ചെയ്തപ്പോൾ തന്നെ കമ്പ്യൂട്ടറിൽ എടുക്കുന്നതുപോലെ ബദലായി മാനുലായും വർക്ക് നടക്കുന്നുണ്ട്. ഇതു രണ്ടും തമ്മിൽ ടാലി ചെയ്തുകൊണ്ടാണ് ചെയ്യുന്നത്. അത് മാനുലിൽ ക്ലിയറായി കാണിച്ചിട്ടുണ്ട്. കമ്പ്യൂട്ടറും ക്യാഷ് ബാലൻസും തമ്മിൽ പൊരുത്തപ്പെടാത്ത ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടില്ല. ഇനി കമ്പ്യൂട്ടർ തകരാർ ഉണ്ടെന്നു സമ്മതിച്ചാൽ പോലും അവിടെ മാനുൽ വർക്ക് നടക്കുന്നുണ്ട്. അതുകൊണ്ട് ഒരിക്കലും ബോർഡിന് നഷ്ടം വരാനുള്ള ഒരു സാധ്യതയും ഇല്ല. പത്ര റിപ്പോർട്ട് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ കണ്ടതുപോലെ ഞാനും കണ്ടു എന്നത് വസ്തുതയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാന്യനായ മന്ത്രി നേരത്തെ പറഞ്ഞ സംഭവത്തിൽ കമ്പ്യൂട്ടറിൽ തകരാറുണ്ടായി എന്ന് സമ്മതിച്ചു. ഈ തകരാറ് തീർക്കണമെന്ന് ഈ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുള്ള പ്രൈസ് വാട്ടർ ഹൗസ് കൂപ്പറിനോട് ആവശ്യപ്പെട്ടു എന്ന് മന്ത്രി ഇവിടെ പറഞ്ഞു. പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ ഇപ്പോൾ തകരാറ് മാറ്റുന്നതിനുവേണ്ടി 36 ലക്ഷം രൂപ തരണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ അവരുടെ ഉത്തരവാദിത്വമാണ് ഈ തകരാറ് പരിഹരിക്കുക എന്നത്. അവർ 36 ലക്ഷം കൂടി ആവശ്യപ്പെട്ടതോടുകൂടി ബോർഡിനെ വഞ്ചിക്കുകയാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഇത്തരത്തിൽ ബോർഡിനോട് വഞ്ചന കാണിച്ച സ്ഥാപനത്തെ കരിമ്പട്ടികയിൽ പ്പെടുത്തി ഇനി ഇവർക്ക് യാതൊരു ഓർഡറും കൊടുക്കുകയില്ലായെന്ന് തീരുമാനം എടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ കമ്പനി 36 ലക്ഷം പോയിട്ട് ഒരു പൈസ പോലും ബോർഡിനോട് ആവശ്യപ്പെട്ടിട്ടില്ല. അവരുമായി യാതൊരു കോൺട്രാക്ടും ഗവൺമെന്റിനോ, ബോർഡിനോ ഇല്ല. സോഫ്റ്റ്വെയറിന് ഇവർ ഒരു കരാറും ഉണ്ടാക്കിയിട്ടില്ല. അവർ ചോദിച്ചിട്ടുമില്ല, കൊടുക്കുന്ന പ്രശ്നവുമില്ല. പിന്നെ അങ്ങ് കരിമ്പട്ടിക എന്ന് പറഞ്ഞല്ലോ. അതിൽ ഒരു കാര്യം പറയാം. കരിമ്പട്ടികയിൽ (ബ്ലാക്ക് ലിസ്റ്റ്) ഉൾപ്പെടുത്താൻ പറ്റിയ കമ്പനിയാണ് എന്ന് എനിക്കോ, അങ്ങേയ്ക്കോ അഭിപ്രായം ഉണ്ടെങ്കിലും, പല ആളുകൾക്കും ആ അഭിപ്രായം ഇല്ല. Memorandum of understanding between the West Bengal Government and this Company മനസ്സിലായോ. Memorandum of understanding between West Bengal Government and Price Water House Coopper Company..... അതിൽ പറഞ്ഞിരിക്കുന്നത്, ...will be encouraged development of the application of information technology based on microsoft technology and use microsoft products എന്നാണ്. Microsoft will provide access to training..... ഇത് നമ്മുടേതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇനി West Bengal—അവസാനത്തെ ഭാഗം—The public enterprises department of the Government of West Bengal is satisfied with the overall perfomance and support received from PWHC in these engagements. അതാണ് ഈ പ്രൈസ് വാട്ടർ ഹൗസ് കൂപ്പർ കമ്പനി. ഇനി രണ്ടാമത്തെ കാര്യം. West Bengal Playwood and Allied Products Ltd. ഈ കമ്പനിയുമായി ഉണ്ടാക്കിയ എഗ്രിമെന്റ്, മൂന്നാമത്തേത് ബുദ്ധദേവ് ഭട്ടാചാര്യയുടേത്, നാലാമത്തേതും എന്റെ കയ്യിലുണ്ട്. അപ്പോൾ ലോകത്തിലെ പ്രത്യേകിച്ച് ഇന്ത്യയിലെതന്നെ ഏറ്റവും വലിയ കമ്പനി എന്ന് വെസ്റ്റ് ബംഗാൾ പറയുന്നു. അപ്പോൾ ഞാനും കോടിയേരിയും അതിനെതിരെ നിൽക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചപ്പോൾ സ്വാഭാവികമായിട്ടും ഉണ്ടാകുന്ന ചില ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ആദ്യം പറഞ്ഞു. ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ആദ്യം ചോദ്യം ചോദിച്ചപ്പോൾ നമുക്ക് ഇതിന്റെ ഭാഗമായിട്ട് ഒറ്റ പൈസ പോലും നഷ്ടം വന്നിട്ടില്ലെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയും ചെയ്തു. രണ്ട് ഉദാഹരണങ്ങൾകൊണ്ട് ആ പ്രസ്താവന ശരിയല്ലെന്ന് പറയാനും തുടർന്ന് അതിനെ അടിസ്ഥാനപ്പെടുത്തി എന്ത് നടപടി സ്വീകരിക്കുന്നു എന്നുമുള്ളതാണ് എന്റെ ചോദ്യം. ഞാൻ രണ്ട് ഉദാഹരണങ്ങൾ പറയാം. ഒന്ന്, 4395-ാം നമ്പർ കൺസ്യൂമർക്ക് നവംബർ 2004-ന് കൊടുത്തിട്ടുള്ളതാണ് ഈ ബിൽ. അത് കോഴിക്കോട് സെൻട്രൽ സെക്ഷനിൽ നിന്നാണ്. ആ ബിൽ അനുസരിച്ച് 200 യൂണിറ്റ് ഉപയോഗിച്ചു എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നിട്ട് 1378 രൂപയുടെ ബിൽ കൊടുക്കുകയുണ്ടായി. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ഇത് ഉപഭോക്താവിനെ സംബന്ധിച്ചുള്ള ഒരു ഉദാഹരണമാണ്. രണ്ടാമത്തേത് 2446 യൂണിറ്റ് ഉപയോഗിച്ചു എന്നുള്ളതാണ്. അത് വെള്ളയമ്പലം സെൻട്രലിന്റെ ഭാഗമായിട്ടാണ്. കൺസ്യൂമർ നമ്പർ 8154, നവംബർ 2004-ന് കൊടുത്ത ബില്ലാണ്. അതനുസരിച്ച് 23,417 രൂപ അടയ്ക്കണം. 2446 യൂണിറ്റിന് 23,417 രൂപ അടയ്ക്കണം.. സിസ്റ്റം പറയുന്നത് ഒന്നും അടയ്ക്കേണ്ട എന്നാണ്. സീറോ ആണ് ബില്ലിൽ കാണിച്ചിട്ടുള്ളത്. അങ്ങനെ വരുമ്പോൾ ഗുണഭോക്താവിനും, അതുപോലെ ബോർഡിനും നഷ്ടം. ഈ രണ്ട് തരത്തിലുള്ള നഷ്ടംകൊണ്ടു തന്നെ ഇവിടെ 24,000-ത്തോളം രൂപയുടെ വ്യത്യാസമാണ് വരുന്നത്. നമ്മുടെ നാട്ടിൽ ഇങ്ങനെ ഒരു സെക്ഷനിലുണ്ടായ കുഴപ്പം പരിഹരിക്കുന്നതിന് എന്ത് നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്; അത് പരിഹരിക്കുന്നതിനാവശ്യമായ എന്തെങ്കിലും കാര്യം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറുണ്ടോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> ബംഗാളിനെ സംബന്ധിച്ച് അങ്ങനെയെന്നല്ല. അവരെ ബ്ലാക്ക് ലിസ്റ്റിലാക്കുക എന്നു പറഞ്ഞപ്പോൾ, ആ കമ്പനിയെക്കുറിച്ച് ഒരു വാക്ക്. എനിക്ക് ആ കമ്പനിയെക്കുറിച്ച് ഒരു താൽപ്പര്യവുമില്ല. അവരെ ഇതിൽ ഉൾപ്പെടുത്തണം എന്ന് പറഞ്ഞത് കേരള ഗവൺമെന്റിന്റെ ഐ.റ്റി. പോളിസിയിൽ, ബഹുമാനപ്പെട്ട ശ്രീ. കോടിയേരി കൂടി അംഗമായിരുന്ന സമയത്ത് ആ ബോർഡാണ് ഐകകണ്ഠേന തീരുമാനമെടുത്തത്. ഇനി ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഇവിടെ പറഞ്ഞ കാര്യം. കമ്പ്യൂട്ടറൈസേഷൻ നടത്തുമ്പോൾ അതിൽ പ്രാഥമികമായി ചില പ്രോബ്ലംസ് കാണും. അത് അപ്പപ്പോൾ തന്നെ ശരിപ്പെടുത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ നഷ്ടം ഒരിക്കലുമുണ്ടാകുന്നില്ല. അതാണ് സർ, നേരത്തെ പറഞ്ഞത്, കമ്പ്യൂട്ടറിൽ ഫിഗർ എടുക്കുമ്പോൾ തന്നെ മാനുൽ വർക്കും ചെയ്യുന്നുണ്ട്. അത് നിർത്തിയിട്ടില്ല. ഇത് പൂർണ്ണമായി സാറ്റിസ്ഫൈ ചെയ്താൽ മാത്രമേ നിർത്തൂ. അതുകൊണ്ട് ഇത് തമ്മിൽ നോക്കി മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ട് ഒരു പൈസയും നഷ്ടപ്പെടാൻ ബോർഡിന് അവകാശമില്ല. സർ, വേറെയൊരു കാര്യമുള്ളത് 172 സെക്ഷനുകളിൽ ഈ സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത്. ഈ സോഫ്റ്റ്വെയറിന്റെ തകരാറാണെങ്കിൽ 172 സെക്ഷനുകളിലും ഇത് കാണും. ചില സ്ഥലത്ത് ഓപ്പറേറ്റ് ചെയ്യുമ്പോൾ പരിചയക്കുറവുകൊണ്ടുമാകാം, ചില സോഫ്റ്റ്വെയർ പ്രശ്നങ്ങളുണ്ടാകാം. ഒന്നുമില്ല എന്ന് ഞാൻ പറയുന്നില്ല. പ്രാഥമികമായിയുണ്ടാകുന്ന ചില പ്രശ്നങ്ങളുണ്ട്. എന്നാൽത്തന്നെ ഇതിനെക്കുറിച്ച് ഒരു പരാതി ഓഫീസേഴ്സ് അസോസിയേഷൻ എനിക്ക് കൊണ്ടു തന്നു. ഞാൻ അപ്പോൾത്തന്നെ ഇതിനെക്കുറിച്ച് C-DAC എന്ന് പറയുന്ന, ഇന്ത്യാഗവൺമെന്റിന്റെ ഒരു ഇൻസ്റ്റിറ്റ്യൂഷനാണിത്. അവരെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള നടപടികളും കൈക്കൊണ്ടു. 12-1-2005-ലാണത്. ഈ പറയുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. എനിക്കു കിട്ടിയ വിവരങ്ങളാണ് ഞാൻ പറഞ്ഞത്. I am not a Computer Engineer പക്ഷേ എന്നിട്ടും ഞാനിത് അന്വേഷിക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു. 12-1-2005-ൽ തന്നെ C-DAC എന്ന കമ്പനിയെ അന്വേഷിക്കാൻ ഏൽപ്പിക്കുകയും ചെയ്തു. പബ്ലിക്ക് അണ്ടർടേക്കിംഗാണ്. ഏറ്റവും പ്രശസ്തിയിൽ നടക്കുന്ന ഇന്ത്യാ ഗവൺമെന്റിന്റെ സ്ഥാപനമാണ്. അതുകൊണ്ട് ഒരു കുഴപ്പവുമില്ലായെന്ന് പറയാതിരിക്കാനാണ് ശ്രീ. ഗോവിന്ദൻ മാസ്റ്റർ ചില പ്രാഥമികമായ കുഴപ്പം കണ്ടു എന്ന് admit ചെയ്തിരിക്കുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സിസ്റ്റം ഡെവലപ്പ് ചെയ്തെടുത്ത് കെ.എസ്.ഇ.ബി. എൻജിനിയർമാർ താരതമ്യേന നല്ല നിലയിൽ തന്നെ സോഫ്റ്റ്വെയറിന് രൂപം നൽകിയിട്ടുണ്ട്. അത് എട്ട് സെക്ഷനുകളിൽ ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കുകയാണ്ി. അതിനുശേഷമാണ് മൈക്രോ സോഫ്റ്റുമായി ബന്ധമുണ്ടാക്കുകയും 172 സെക്ഷനുകളിൽ ഇക്കാര്യങ്ങൾ ഇപ്പോൾ നടപ്പിലാക്കുകയും ചെയ്തിട്ടുള്ളത്. നമ്മുടെ ഭാവി ഫണ്ട് ആണല്ലോ? അതിനെ സംബന്ധിച്ചിടത്തോളം എല്ലാം പൂർണ്ണമായി ശരിയായി എന്ന് നമ്മൾ പറഞ്ഞാൽ ഇതിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടിയുള്ള അവരുടെ ചുമതലയിൽ നിന്ന് അവർ ഒഴിഞ്ഞു മാറുകയല്ലേ ചെയ്യുന്നത്. 172 സെക്ഷനുകളിൽ മാത്രമല്ല 556 എണ്ണത്തിനും കൊടുക്കാൻ പോവുകയാണ്. അങ്ങനെ വരുമ്പോൾ ബോർഡിനും ഗവൺമെന്റിനും നഷ്ടം ഉണ്ടാകാത്ത നിലയിൽ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതൊക്കെ എന്നേ സ്വീകരിച്ചു കഴിഞ്ഞു. കംപ്ലയിന്റ് വന്നപ്പോൾ തന്നെ അത് ശരിയാക്കാനുള്ള നടപടിയെടുത്തു അതിനു ശേഷം ഇപ്പോൾ അത് C-DAC-നെകൊണ്ട് അന്വേഷിപ്പിക്കുന്നു. ഇത് ചെയ്യുന്നത് ഇപ്പോഴും അവിടെത്തന്നെയുള്ള കമ്പ്യൂട്ടർ എൻജിനീയർമാരാണ്. അല്ലാതെ വെളിയിൽ നിന്ന് ആളുകളെ കൊണ്ടുവന്നല്ല. PWC-യുടെ സാങ്കേതിക സഹായത്തോടുകൂടിയാണ് ഇത് ഡെവലപ്പ് ചെയ്തെടുക്കുന്നത്. ഇപ്പോഴും ഇവർ തന്നെയാണ് ചെയ്യുന്നത്. അങ്ങ് പറയുന്നത് രണ്ട് ആളുകളെക്കുറിച്ചാണ്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

വേറെയും എൻജിനീയർമാരുണ്ട്. ഈ രണ്ട് ആളുകൾ ചെയ്തതു തന്നെ അംഗീകരിക്കണമെന്നതാണ് അതിന്റെ പ്രശ്നം. രണ്ട് ആളുകൾ ചെയ്തു. അത് ശരിയാണ് അല്ലാത്തവരാണ് ബാക്കി. മുഴുവൻ ചെയ്യുന്നത്. ഒരു സെക്ഷനിൽ വേണ്ട എല്ലാ ഡീറ്റെയിൽസും അവരിൽ നിന്ന് കിട്ടുകയില്ല. അവർ ഒ.എ.-യിലെ മെമ്പർമാരാണ്. അതിൽ എനിക്ക് സന്തോഷമാണ്. അപ്പോൾ അവർ ചെയ്യുന്നതാണ് ശരിയെന്നും അവരെ തന്നെ ഏൽപ്പിക്കണമെന്നുമാണ് അങ്ങ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനേക്കാളും എക്സ്പർട്ടായ ആളുകളാണ് അവിടെ ചെയ്തു കൊണ്ടിരിക്കുന്നത്. അവരുടെ സോഫ്റ്റ്വെയറിൽ ഒരു സെക്ഷനിലേക്ക് വേണ്ട മുഴുവൻ ഡീറ്റെയിൽസും വരുന്നില്ല എന്നാലും അവരെ തള്ളിക്കളയുന്നില്ല. ഞാൻ അവരെ അഭിനന്ദിക്കുന്നു. പക്ഷേ ഒരു കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ? സോഴ്സ് കോഡ് അവർ ഇതുവരെ തന്നിട്ടില്ല. അവരാണ് പത്രസമ്മേളനം നടത്തിയത്. എനിക്ക് അവരോടും ബഹുമാനമാണ്. അതൊക്കെ ഗോവിന്ദൻ മാസ്റ്റർക്ക് എന്നേക്കാൾ കൂടുതൽ അറിയാമല്ലോ. ഞാൻ പറയണമോ? ഇനി അവരെ ഹെൽപ്പ് ചെയ്യാനും തയ്യാറാണ്. അങ്ങനെയുള്ള ഒരു മനോഭാവമൊന്നും ഞങ്ങൾക്കില്ല.

ശ്രീ. രാജു എബ്രഹാം: അങ്ങ് ഇവിടെ പറഞ്ഞ മറുപടികൾ ആധികാരികമാണ്. ചില വിയോജിപ്പുകൾ ഇക്കാര്യത്തിൽ രേഖപ്പെടുത്താനുണ്ട്. ഒന്ന്, ഏത് സിസ്റ്റം സ്ഥാപിച്ചാലും അതിന് പ്രാഥമികമായ തകരാറുകളുണ്ടാകുമെന്ന് അങ്ങ് പറഞ്ഞു. പക്ഷേ അങ്ങ് തന്നെ പറഞ്ഞു എട്ട് സെക്ഷനുകളിൽ വൈദ്യുതി ബോർഡിലെ എൻജിനീയർ ഡെവലപ്പ് ചെയ്ത സോഫ്റ്റ്വെയറിനെ സംബന്ധിച്ച് ഇതുവരെ പരാതികളൊന്നും ഉണ്ടായിട്ടില്ല എന്ന്. അങ്ങ് അവരെ അഭിനന്ദിക്കുകയും ചെയ്തു. അപ്പോൾ അങ്ങ് പറഞ്ഞതിൽ ഒരു വ്യത്യസ്തതയുണ്ട്. രണ്ടാമത് അങ്ങ് പറഞ്ഞു അവിടത്തെ എൻജിനീയർ തന്നെയാണ് ഇത് ചെയ്യുന്നത് എന്ന്. ബോർഡിന്റെ കമ്പ്യൂട്ടറൈസേഷൻ യൂണിറ്റിന്റെ ജോയിന്റ് ഡയറക്ടറുടെ ലറ്ററിൽ Price Water House Coopers has installed the LT building application developed by them എന്നാണ് പറഞ്ഞിരിക്കുന്നത്. അവർ തന്നെയാണ് ഇത് ഡെവലപ്പ് ചെയ്തിരിക്കുന്നത് എന്നുള്ളതാണ് അതിൽ നിന്ന് വ്യക്തമാകുന്നത്. അതോടൊപ്പംതന്നെ ഇങ്ങ് പറഞ്ഞു ടെൻഡർ നടപടികൾ നടത്തിയിട്ടാണ് അത് ചെയ്തിരിക്കുന്നത് എന്ന്. വ്യത്യസ്തമായ അഭിപ്രായമുണ്ട്. അതുകൊണ്ട് ഇതു സംബന്ധിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് രേഖകൾ മേശപ്പുറത്തു വയ്ക്കാൻ തയ്യാറാകുമോ; പശ്ചിമബംഗാളിലെ കാര്യം അങ്ങ് ഇവിടെ പറഞ്ഞു. ഞങ്ങൾ മനസ്സിലാക്കിയത് യൂണിക്സ് എന്നു പറയുന്ന സോഫ്റ്റ്വെയറാണ് പശ്ചിമബംഗാൾ ഇലക്ട്രിസിറ്റി ബോർഡ് ഡെവലപ്പ് ചെയ്തിരിക്കുന്നത് എന്നാണ്. അതുകൊണ്ട് അതുസംബന്ധിച്ച രേഖ കൂടി മേശപ്പുറത്തു വച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ രേഖ മേശപ്പുറത്ത് വയ്ക്കാം. ഒന്ന്, Memmorandum of Understanding—MOU is entered into on the 16th day of December, 2002 by and between the Government of West Bengal, hereinafter referred to as G.O.W.B. acting through the department of Information Technology having its office at the Writers Building, Calcutta and Microsoft

LIBRARY ARCHIVES Kerala Legislative Assembly

Corporation India Ltd., a company incorporated under the Companies Act, 1956 having its registered office at the Great Eastern Centre, 17, Nehru Place, Microsoft. ഇത് ഞാൻ മേശപ്പുറത്ത് വയ്ക്കാം. അങ്ങേയ്ക്കും തരാം. Second, Government of West Bengal will encourage the development of publication of information technology based on microsoft technology and use of microsoft products. Microsoft will provide access to training and will arrange transfer and skill of microsoft technology to Government of West Bengal and also provide consultancy services as and when required but contemplated in this memmorandum of understanding. ഞാൻ നേരത്തെ വായിച്ചതു കൂടി മേശപ്പുറത്ത് വയ്ക്കാം. അത് പബ്ലിക് അണ്ടർ ടേക്കിംഗിനെ കുറിച്ചുള്ളതാണ്. We are going to take financial assistance from the U.K.'s department for international development. We have taken the decision on the basis of the recommendations given by the Price Water House Cooper Company, our consultant to the revival package. അവരുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ അവരെ കൺസൾട്ടന്റായി വച്ചിട്ട് ബ്രിട്ടനിൽ നിന്ന് സഹായം പോലും വാങ്ങിക്കുന്നു. അവരെയാണ് അവിടത്തെ എല്ലാ എന്റർപ്രൈസസിന്റേയും കൺസൾട്ടന്റായി വച്ചിരിക്കുന്നത്. അതിന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പശ്ചിമബംഗാൾ ഉണ്ടാക്കിയിരിക്കുന്നു. എന്നാലും അങ്ങനെയുണ്ടാക്കാൻ ഉദ്ദേശിക്കുന്നില്ല. 172 എണ്ണമുണ്ട്. 8 എണ്ണമാണ് ഈ രണ്ട് ആളുകൾ ചെയ്തത്. ബാക്കി ചെയ്ത ആളുകൾ വേറെയാണ്. അവിടെയൊന്നും കുഴപ്പങ്ങളില്ല. പത്രത്തിൽ വന്നതുകൊണ്ടും ഒരു അസോസിയേഷൻ എനിക്ക് എഴുതി തന്നതുകൊണ്ടും C-DAC-നെകൊണ്ട് അന്വേഷിപ്പിക്കാൻ ഞാൻ ഏർപ്പാട് ചെയ്തു. അതിൽ തെറ്റുണ്ടെങ്കിൽ തിരുത്താൻ തയ്യാറാണ്.

ശ്രീ. രാജു എബ്രഹാം: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശുപാർശ ചെയ്തെന്നു പറഞ്ഞാൽ അതിന് അടിസ്ഥാനം ഇല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഫെബ്രുവരി മാസം ബോർഡ് ശുപാർശ ചെയ്തത് ഗവൺമെന്റ് accept ചെയ്തില്ല. ഗവൺമെന്റ് ഡിസംബർ മാസത്തിൽ accept ചെയ്തത് ബോർഡ് എൻജിനീയർമാരെ വയ്ക്കണമെന്നാണ്. ആ പറഞ്ഞത് ശരിയല്ല. ഇവിടെ നഷ്ടം വരുന്നില്ല എന്ന് പറഞ്ഞ് ഗോവിന്ദൻ മാസ്റ്റർ ഒരു കാര്യം അവതരിപ്പിച്ചു. 2346 യൂണിറ്റ് ഉപയോഗിച്ച ആളിന് പൂജ്യം പണം അടയ്ക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്, ഒന്നും അടയ്ക്കേണ്ട. ഇത് എല്ലാം ആർക്കാണ് വരുന്നത്? Regulatory Commission പറയും അടുത്ത താരിഫ് വർദ്ധനവിൽ ഈ നഷ്ടം ഉൾപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ചാർജ് വർദ്ധിപ്പിക്കുമെന്ന്. ഇവിടുത്തെ പ്രസക്തമായ പ്രശ്നം ഇൻഡ്യൻ പ്രസിഡണ്ട് ശ്രീ. അബ്ദുൾ കലാം, Confederation of Indian Industry യോഗത്തിൽ പറഞ്ഞിരിക്കുന്നത് ഈ മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാൻ പാടില്ല. അത് വൈറസ് attack ഉള്ളതാണ്, അവിടെ Hackers കയറുന്നതാണ് എന്നാണ്. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ തന്നെ ഇവിടെ സൗജന്യമായി കിട്ടുന്ന Linux അടക്കമുള്ള software-കൾ കിട്ടുന്ന ഈ സാഹചര്യത്തിൽ ഗുരുതരമായ ഈ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണം എന്ന പ്രഖ്യാപനമാണ് അങ്ങയുടെ ഭാഗത്തുനിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: ശ്രീ. രാജു എബ്രഹാം പറഞ്ഞത് സ്വീകരിക്കണമെന്ന് ആഗ്രഹം ഉണ്ട് അങ്ങനെ ചെയ്യാൻ പറ്റുമോ? ഇവിടെ രേഖകൾ നോക്കാതെ, കാര്യങ്ങൾ നോക്കാതെ നടപടിക്രമങ്ങൾ നോക്കാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. Case establish ചെയ്യേണ്ടേ? Case establish ചെയ്താൽ അതിനുവേണ്ടി അവർ കോടതിയിൽ പോകില്ലേ? അങ്ങനെ പോയാൽ അവർക്ക് കിട്ടില്ലേ? അവരുടെ പേര് നന്നാവും. ഇടതുപക്ഷ ഗവൺമെന്റിന്റെ 2000-ലെ IT Policy ആണിത്. ഞങ്ങൾ അത് മാറ്റിയിട്ടില്ല. ആ പോളിസിയിൽ തന്നെ Software ആയി ഈ പറയുന്ന Microsoft-നെ ഈ കാര്യങ്ങൾ ഏൽപ്പിക്കണം എന്നു പറഞ്ഞിരിക്കുന്നു. എന്നിട്ടും ഞങ്ങൾ മൂന്നു കമ്പനികളോട് ടെൻഡർ ചോദിച്ച് അവരോട് വാങ്ങി. അതിൽ ഏറ്റവും lowest ആണ് Microsoft. ഇതാണ് വസ്തുത. ഇതിൽ ഒരു അപാകതയും അഴിമതിയും ഇല്ല. അതും ഞാൻ പറഞ്ഞേക്കാം. ചില പത്ര വാർത്തകൾ കണ്ട് നിങ്ങളുടെ ഭാഗത്തുനിന്ന് ചോദിക്കുന്നതിൽനിന്നും നിങ്ങൾക്ക് തന്നെ വിശ്വാസമില്ല എന്നർത്ഥം. അത് ഞാൻ സമ്മതിക്കണം. നിങ്ങൾ തന്നെ select ചെയ്തതാണ്. IT Policy of Electricity Board 2000-ൽ ഗവൺമെന്റ് അംഗീകരിച്ചതാണ്. അങ്ങനെ തന്നെ West Bengal-ഉം അംഗീകരിച്ച system ആണ്. എന്നുമാത്രമല്ല നിങ്ങളുടെ പോളിസി അനുസരിച്ച് ഞങ്ങൾ ഈ മൈക്രോസോഫ്റ്റിനെ മാത്രം വിളിച്ചാൽ മതി. പക്ഷെ ഞങ്ങൾ മൂന്നു കമ്പനികളുടെ ടെൻഡർ വിളിച്ച് quotation ചോദിച്ചു. അതിൽ ഏറ്റവും lowest Microsoft ആണ്. 2000-ലെ പോളിസി അനുസരിച്ച് ടെൻഡർ വിളിച്ചിട്ട് ആ കമ്പനികളിൽ ഏറ്റവും കുറഞ്ഞ 3 കോടി 30 ലക്ഷത്തിൽപരം വന്ന ഏറ്റവും lowest റേറ്റ് കൊട്ട് ചെയ്ത കമ്പനി അതാണ്.

ശ്രീ. പി. പി. ജോർജ്: ബോർഡ് അംഗീകരിച്ച ഈ സോഫ്റ്റ്വെയർ സിസ്റ്റത്തിന് സ്വാഭാവികമായ ചില അപാകതകൾ ഉണ്ടായിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞു. അത് അപ്പപ്പോൾ കമ്പനിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം ഉണ്ടാക്കുകയാണ് ചെയ്തതെന്നും പറഞ്ഞു. ഇതിനകം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എങ്ങനെയാണ് ഉദ്ദേശിക്കുന്നത്; എന്ന് പൂർത്തിയാക്കാൻ കഴിയും?

ശ്രീ. ആര്യാടൻ മുഹമ്മദ്: ചെറിയ അപാകതകൾ beginning stage-ൽ ഉണ്ടാകും. അത് അപ്പപ്പോൾ അവരുമായിട്ട് ആലോചിച്ചിട്ട് എൻജിനീയർമാർ അതാത് സമയത്ത് correct ചെയ്തുകൊണ്ടിരിക്കുകയാണ് എന്നു മാത്രമല്ല manual work തുടരുന്നതുകൊണ്ട്, അത് നിർത്താത്തതുകൊണ്ട് ഒരു നഷ്ടവും നമുക്ക് ഉണ്ടായിട്ടില്ല. ഒരു കാര്യം കൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്താം. Software-ന്റെ തകരാർ ആണെങ്കിൽ 172 ഇലക്ട്രിക്കൽ സെക്ഷനുകളിൽ എല്ലായിടത്തും വരില്ലേ? എന്നാൽ ചില സ്ഥലത്ത് മാത്രം, പരിചയമില്ലാത്ത ആളുകൾ കാണുമല്ലോ; അവർ operate ചെയ്യുന്നിടത്തും ചില mistake ഉണ്ടാവുമല്ലോ. ചോദിച്ചില്ല എങ്കിലും ഞാൻ അവസാനം പറയാം. അങ്ങനെ മിസ്റ്റേക്കുകൾ ഉണ്ടായാൽ അതൊക്കെ correct ചെയ്യും. ഇനി വല്ലതും ഉണ്ടെങ്കിൽ C-DAC-നെക്കൊണ്ട് അന്വേഷിപ്പിക്കുകയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് പ്രത്യേക താല്പര്യം ഉള്ള ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും പ്രത്യേകതരം software നിർമ്മിച്ചും വൈദ്യുതി മോഷണം വ്യാപകമായി നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും മറ്റുമുള്ള 37 ഇരുമ്പുരുക്കു ഫാക്ടറികളിൽ 7 ഫാക്ടറികളിൽ Anti Theft Squad വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഞാൻ എടുത്തു പറയുകയാണ്. ആ Squad 19 കോടി രൂപയുടെ theft ആണ് കണ്ടുപിടിച്ചത്. അതിൽ ഒറ്റ കമ്പനി, പാരഗൺ എന്നു പറയുന്ന ഇരുമ്പുരുക്കു കമ്പനി, 7 കോടി രൂപയുടെ മോഷണം ആണ് നടത്തിയത്. ഇപ്പോൾ അവർ കോടതിയിൽ പോയി stay വാങ്ങിയിരിക്കുകയാണ്. ഇങ്ങനെ പ്രത്യേകതരം software നിർമ്മിച്ച് ഈ രൂപത്തിൽ ഇലക്ട്രിസിറ്റി മോഷ്ടിക്കുന്ന ഈ കമ്പനികൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ തന്നെയാണ് ഈ Anti Theft Squad-നോട് ഈ കഞ്ചിക്കോട്ടുള്ള എല്ലാ സ്റ്റീൽ മില്ലുകളും പരിശോധിക്കാൻ നിർദ്ദേശം നൽകിയത്. അതുകൊണ്ട് ഇന്ന് പ്രയോജനവും ഉണ്ടായി. അങ്ങ് പറഞ്ഞത് 19 കോടിയാണ്. 28 കോടിയിൽപ്പരം രൂപയുടെ മോഷണം കണ്ടെത്തി കഴിഞ്ഞു. അങ്ങ് പറഞ്ഞത് ശരിയാണ്. 1.5 കോടി മുതൽ 7 കോടി വരെയുള്ള മോഷണം കഞ്ചിക്കോട് മേഖലയിൽ ഉണ്ട്. അങ്ങയുടെ അഭിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഒരു സ്റ്റീൽ മിൽ 90 കോടി രൂപ സർക്കാരിന് തരാനുണ്ട് (ഹൈടെക്). അതിന്റെ ചരിത്രത്തിലേക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു നല്ല suggestion ആണ്. അത് ഗവൺമെന്റിന്റെ ആലോചനയിൽ ഉള്ള കാര്യമാണ്. ഈ പറയുന്ന സിസ്റ്റത്തിൽ മോഷണം കണ്ടെത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ബോർഡും ഗവൺമെന്റും ആലോചിച്ചുകൊണ്ടിരിക്കുന്നു. ചില പ്രാഥമികമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പറോട് ഞാൻ പറയാം. ഇതൊക്കെ തടയാനുള്ള എല്ലാ നടപടികളും എടുക്കാം. പക്ഷേ നിയമത്തിൽ ചില വ്യവസ്ഥകൾ ഉണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ച് ഇത് കണ്ടെത്തിക്കഴിഞ്ഞാൽ അവർക്ക് അപ്പീൽ നൽകാൻ അവസരം ഉണ്ട്. ആ സന്ദർഭത്തിൽ ഈ തുക deposit ചെയ്താൽ connection കൊടുക്കേണ്ടതായിട്ടുണ്ട്. ഹൈക്കോടതിയിലും പോയി ചിലർ ഓർഡറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഒരു കാര്യം ഞാൻ പറയുന്നു. ഈ ബോർഡും ഈ ഗവൺമെന്റും theft അവസാനിപ്പിക്കാൻ എല്ലാ കഴിവുകളും ഉപയോഗിക്കും, suggestion ഞാൻ അംഗീകരിക്കുന്നു.

ശ്രീ. പി. ടി. തോമസ്: ഫ്രീ സോഫ്റ്റ്വെയറിന്റെ പ്രവാചകനായ സ്റ്റാൾമാന്റെ Linux അടക്കമുള്ള സോഫ്റ്റ്വെയറുകൾ ഒക്കെ നിലവിൽ ഉണ്ടായിട്ടും ബഹുരാഷ്ട്രകുത്തകയും, കമ്പ്യൂട്ടർ ഭീമനും അധിനിവേശത്തിന്റെ പ്രതീകവുമായ ഈ microsoft-നെ Electricity Board സ്വീകരിക്കാനുള്ള കാരണം എന്താണ്; C-Dit അടക്കം കേരളത്തിലെ സ്കൂളുകൾ അടക്കം മറ്റ് ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ ഈ ബഹുരാഷ്ട്ര ഭീകരനായ microsoft ഉപയോഗപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ട് എന്ന വിവരം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സ്കൂളുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങളിൽ Microsoft ആണ് ഉപയോഗിക്കുന്നത്. കമ്പനികൾ രണ്ടു മുന്ന് എണ്ണം ഉണ്ട്. IBM ഉണ്ട്. അതുപോലത്തെ കമ്പനികൾ ലോകത്ത് ഏറ്റവും പ്രസിദ്ധമായതും ആണ്. എല്ലാ സംസ്ഥാനവും അതാണ് ഉപയോഗിക്കുന്നത്. International reputation ഉള്ളവയാണ്. നമ്മുടേതും ഉയർന്നുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മറ്റൊരു ഉദ്ദേശവും വച്ചുകൊണ്ടല്ല എല്ലാ അർത്ഥത്തിലും എല്ലാ ഡിപ്പാർട്ടുമെന്റുകളും ഞാൻ പറഞ്ഞതുപോലെ IT Policy base ചെയ്തതാണ്. 2000-ൽ ഉണ്ടാക്കിയ IT Policy തെറ്റാണെന്ന് ഞാൻ പറയില്ല. അന്ന് ഇടതുപക്ഷ ഗവൺമെന്റ് ഉണ്ടാക്കിയ policy ശരിയാണ്, ഇവർ select ചെയ്തതും ശരിയാണ്. ഇവരെ black list ചെയ്യാൻ പറ്റാത്തതുകൊണ്ടാണല്ലോ അന്ന് വച്ചത്. അതുപോലെ reputation ഉള്ള കമ്പനി ആണ്. അതുകൊണ്ടാണ് ഇത് ചെയ്തത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: Electricity രംഗം വലിയ മാറ്റങ്ങൾക്ക് വിധേയമാകുന്ന വിധത്തിൽ Electricity Act—2003 ഈ ജൂലായ് മാസം മുതൽ നടപ്പാക്കുകയാണ്. ഈ സാഹചര്യത്തിൽ ബോർഡിലെ Computerisation ഉൾപ്പെടെ നമ്മൾ consultancy ആയി വച്ചിട്ടുള്ള Price Water House Hooper—ഇതിന്റെ ഏതൊക്കെ നിർദ്ദേശങ്ങൾ, ഇടക്കാല ശുപാർശകൾ ഗവൺമെന്റിനും വൈദ്യുതി ബോർഡിനും കിട്ടിയിട്ടുണ്ട്, ഏതൊക്കെയാണ് ഈ Computerisation പോലെ ബോർഡിൽ നടപ്പാക്കി തുടങ്ങിയതെന്ന് വിശദമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: പ്രൈസ് വാട്ടർ ഹൗസ് കൂപ്പറുമായി കൺസൾട്ടൻസിയോ? ഗവൺമെന്റോ ബോർഡോ അങ്ങനെയൊരു ബന്ധം ഉണ്ടാക്കിയിട്ടില്ല. അവരുമായി യാതൊരു ബന്ധവും ഇല്ല. മൈക്രോസോഫ്റ്റ് കരാർ കൊടുത്ത സമയത്ത് ഇവിടെ സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്യാൻ അവരുടെ ചില സാങ്കേതിക അഡ്വൈസ് വാങ്ങിയെന്നു മാത്രമേയുള്ളൂ. ഇതാണ് ബഹുമാനപ്പെട്ട കോടിയേരി ചോദിച്ചതിന് ഉത്തരമായി പറഞ്ഞത്. മുപ്പത്തിയാറ് ലക്ഷം രൂപ ചോദിച്ചില്ലെന്ന്. ആ പൈസ കൊടുക്കുന്ന പ്രശ്നമേയില്ല. ഇവരും ബോർഡുമായി യാതൊരു ബന്ധവുമില്ല. അവരെ ഒന്നും ചുമതലപ്പെടുത്തിയിട്ടുമില്ല.

ശ്രീ. എം. എ. വാഹീദ്: മാധ്യമങ്ങളിലാണ് ആക്ഷേപങ്ങൾ ആദ്യം വരുന്നത്. ആരോപണങ്ങൾ ഉയരുന്നു, ആക്ഷേപങ്ങൾ ഉയരുന്നു. ജനങ്ങൾ സംശയിക്കുന്നു എന്നു പറഞ്ഞ് ഓരോ കഥകൾ ഉണ്ടാക്കുന്നു. അങ്ങനെ ഈ വിഷയം സംബന്ധിച്ചും മാധ്യമങ്ങളിൽ ആക്ഷേപങ്ങൾ വന്നിട്ടുള്ള നിലക്ക് ഈ കാര്യത്തെക്കുറിച്ച് എന്തെങ്കിലും അപാകത പറ്റിയോ എന്ന് പരിശോധിക്കുകയും അത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇത് എന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഓഫീസേഴ്സ് അസോസിയേഷനാണ്, അവർ കൊണ്ടുവന്ന സന്ദർഭത്തിൽത്തന്നെ ഞാൻ 12-1-2005-ൽ സീഡാക്കിനെ (കേന്ദ്ര ഗവൺമെന്റിന്റെ ഇൻസ്റ്റിറ്റ്യൂഷൻ)-ക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള നടപടി കൈക്കൊണ്ടു. പറഞ്ഞതൊക്കെ ശരിയാണെങ്കിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതെല്ലാം ചെയ്യും. അന്വേഷിച്ചല്ലേ പറയാൻ പറ്റൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: മൈക്രോസോഫ്റ്റ് ഒരു പ്രധാന സ്ഥാപനം തന്നെയാണ്. നമ്മുടെ രാജ്യത്ത് പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ പലതും കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയപ്പോൾ കാണുന്ന പ്രത്യേകത ഇത് മൈക്രോസോഫ്റ്റ് പോലുള്ള സ്ഥാപനങ്ങളെ ഏൽപ്പിച്ചു എന്നുള്ളതാണ്. റെയിൽവേ, ബാങ്കിംഗ്, ബി.എസ്.എൻ.എൽ. ഇതെല്ലാം പ്രധാനപ്പെട്ട സ്ഥാപനങ്ങളാണെന്ന് അങ്ങും സമ്മതിക്കുന്നു. അവരും സോഫ്റ്റ്വെയറിന്റെ കാര്യത്തിൽ യൂണിക്സ്, ലിനക്സ് തുടങ്ങിയുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിച്ചുവരുന്നത്. ഇവിടുത്തെ ഒരു പ്രശ്നം ഈ സോഫ്റ്റ്വെയറിൽ രണ്ട് പ്രധാനപ്പെട്ട സാങ്കേതിക ഘടകങ്ങളുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഞാനും കമ്പ്യൂട്ടർ എഞ്ചിനീയറല്ല. വിന്റോസുണ്ട്, മറ്റൊന്ന് എസ്ക്യൂവർ സെർവർ. ലക്ഷക്കണക്കിന് കൺസ്യൂമർമാർ കമ്പ്യൂട്ടറിൽ ഉൾപ്പെടേണ്ടതായതുകൊണ്ട് എസ്ക്യൂവർ സെർവർ എന്നു പറയുന്ന ഒരു Data based Management System അതാണ് ഇവിടെ failure ആകുന്നത്. പശ്ചിമബംഗാളിലാണ് പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ചെയ്യുന്നത്. പശ്ചിമബംഗാളിൽ ചെയ്തത് ബോർഡിന്റെ കേന്ദ്ര ഓഫീസ് സ്ഥിതിചെയ്യുന്ന സാൾട്ട്ലേക്കിന്റെ ചുറ്റുമുള്ള കൺസ്യൂമേഴ്സിന്റെ ഇടയിൽ യഥാർത്ഥത്തിലുള്ള മൈക്രോസോഫ്റ്റിന്റെയല്ല, അവർ ഡെവലപ്പ് ചെയ്തിട്ടുള്ള അവിടുത്തെ എ.ടി.എം. മാതൃകയിലുള്ള കൗണ്ടറുകളുടെ സോഫ്റ്റ്വെയറാണ് അവിടെ ഓപ്പറേറ്റിംഗ് സിസ്റ്റമായിട്ട് ചെയ്തിട്ടുള്ളത്. യൂണിക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റേതാണ്. സാൾട്ട്ലേക്കിന്റെ ചുറ്റുപാടുമുള്ള പശ്ചിമബംഗാൾ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ആസ്ഥാനത്തിന് ചുറ്റുപാടുമുള്ള യൂണിക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം മാതൃകയിൽ ഇവിടെ സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്യാനുള്ള എന്തെങ്കിലും നടപടികൾ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇവിടെ ഞാൻ പറഞ്ഞു, ഇലക്ട്രിസിറ്റി ബോർഡിലുള്ള നമ്മുടെ കമ്പ്യൂട്ടർ എഞ്ചിനീയർമാരെ തന്നെ ഉപയോഗിച്ചുകൊണ്ട് ഈ സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്യാനുള്ള നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നത്. അത് അവരാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് നാളെ നമ്മുടേത് മാത്രമായി മാറുന്നതായ രൂപത്തിലാണ് പ്ലാൻ ചെയ്തിട്ടുള്ളത്. അങ്ങയുടെ അറിവിനായി പറയുകയാണ്. പശ്ചിമബംഗാളിൽ ചെയ്തതിനേക്കാൾ നന്നായി ചെയ്യാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഏതായാലും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഭാഗ്യവാനാണ്. കമ്പ്യൂട്ടറൈസേഷൻ എല്ലാവരും സമ്മതിച്ചപ്പോൾ അദ്ദേഹത്തിന് മന്ത്രിയാകാൻ കഴിഞ്ഞത് നല്ല കാര്യമാണ്. എനിക്ക് ചോദിക്കാനുള്ളത് ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങളൊക്കെയുണ്ട്, ഞാൻ ഇപ്പോൾ പറയുന്നില്ല എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് ഫറഞ്ഞു. ഈ രാജ്യത്തെ ഏറ്റവും വലിയ ആപത്തെന്ന് പറയുന്നത്, നമ്മുടെ വ്യവസായ സ്ഥാപനങ്ങളും മറ്റും വിദ്യുച്ഛക്തി രംഗത്ത് കാണിക്കുന്ന കുഴപ്പങ്ങളാണ്. പണ്ട് കൺസഷൻ ഉണ്ടായിരുന്ന കാലഘട്ടത്തിൽ സ്ഥാപനങ്ങൾ ആരംഭിച്ച ആളുകൾക്ക് അഞ്ചു വർഷം കൺസഷൻ കൊടുത്തിരുന്നു. അന്ന് പ്രൊഡക്ഷൻ ആരംഭിച്ച യൂണിറ്റുകൾക്ക് അഞ്ചുകൊല്ലം കൊടുത്തു. എന്നാൽ അതിനുശേഷം ഇതുപയോഗിച്ച്

പഴയ ചില എൻ.ഒ.സി. ഒക്കെ വച്ച് കണക്ഷൻ വാങ്ങിയതിനുശേഷം അത്തരം കണക്ഷനുകൾ ദുരുപയോഗം ചെയ്തു എന്നു മാത്രമല്ല തുക അടയ്ക്കുകപോലും ചെയ്യാതെ കോടതികളിൽ പോയി സർക്കാരിന്റെയും വിദ്യുച്ഛക്തി ബോർഡിന്റെയും അഭിഭാഷകൻമാരെ സ്വാധീനിച്ച് പ്രതിക്ക് അനുകൂലമായ വിധത്തിൽ വിധി സമ്പാദിച്ചുകൊണ്ട് വിദ്യുച്ഛക്തി ബോർഡിനുണ്ടാക്കിയ നഷ്ടത്തെക്കുറിച്ച് ഒരു അന്വേഷണം നടത്താമോ? അങ്ങനെ ഒരു അന്വേഷണത്തിന് ശ്രീ. എ. കെ. ആന്റണിയുടെ കാലത്ത് ഉത്തരവിട്ടിട്ടുണ്ട്. തൊണ്ണൂറ് കോടിയും നൂറ് കോടിയും വെട്ടിച്ച ആളുകൾക്ക് കൃാപ്പിറ്റൽ ഒന്നുമില്ല. ആ സ്ഥാപനങ്ങൾ മുഴുവൻ വിറ്റാലും രണ്ടു കോടി പോലും കിട്ടുകയില്ല. അങ്ങനെ ദുർവിനിയോഗം ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിലും, ഇതിനു കൂട്ടുനിന്ന സർക്കാരിന്റെ അഭിഭാഷകൻമാർക്കെതിരെയും നടപടിയെടുക്കുന്നതിനുള്ള സൗമനസ്യം പുതിയ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് കാണിക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞാൻ ഏറ്റവും കൂടുതൽ സ്വാഗതം ചെയ്യുന്ന നിർദ്ദേശമാണ്. വാസ്തവത്തിൽ അങ്ങ് ഈ പറഞ്ഞത് കഞ്ചിക്കോട്ടെ ഹൈടെക് ഉൾപ്പെടെയാണെന്നുള്ള കാര്യം എനിക്കറിയാം. തൊണ്ണൂറ് കോടി എന്നുള്ളതിന് ആരൊക്കെയാണ് ഉത്തരവാദിയെന്നുള്ളത് ആർക്കറിയാം? ആർക്കെല്ലാമാണ് ഉത്തരവാദിത്വമുള്ളതെന്ന് അന്വേഷിക്കാൻ ഞാൻ ഏർപ്പാട് ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ അങ്ങയോട് പറയുകയാണ്. അതുപോലെ കൂട്ടുനിന്ന വക്കീലൻമാരാണെങ്കിലും മറ്റാരാണെങ്കിലും അവരുടെ പേരിൽ എന്തു ചെയ്യാൻ കഴിയുമെന്നുള്ളത് ഗവൺമെന്റിന്റെ ആലോചനയിലാണ്. അങ്ങയുടെ നിർദ്ദേശത്തെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 61-ഉം 69-ഉം ഒരേ സ്വഭാവം ഉള്ളവയായതുകൊണ്ട് അവ ക്ലബ്ബ് ചെയ്യുകയാണ്.

വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം

*2 [61] ശ്രീ. ടി. പി. എം. സാഹിർ:
„ സി. ടി. അഹമ്മദ് അലി:
„ യു. സി. രാമൻ:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ വരവ് മുൻവർഷത്തേക്കാൾ കൂടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) നടപ്പുവർഷം വിനോദസഞ്ചാരികളിൽ നിന്ന് പ്രതീക്ഷിച്ച വരുമാനം എത്ര ആയിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly